നം. CEE /5302/LLM/2015/TA2

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## എൽഎൽ.എം.പ്രവേശന പരീക്ഷ 2015 -16
## അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നത് സംബന്ധിച്ച്

**2016 ജനുവരി 3–ാം തീയതി** (ഞായറാഴ്ച) തിരുവനന്തപുരത്ത് വച്ച് നടത്തുന്ന 2015–16 ലെ എൽഎൽ.എം. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ **അഡ്മിറ്റ് കാർഡുകൾ 26.12.2015 മുതൽ** പ്രവേശന പരീക്ഷാ കമ്മീഷണ റുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്ന താണ്.

വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ **ആപ്ലിക്കേഷൻ നമ്പറും, ജനനതീയതിയും** കൃത്യമായി നൽകിയതിനുശേഷം **Get Admit Card** ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

ചില വിദ്യാർത്ഥികളുടെ അപേക്ഷകളിൽ അപാകതകൾ വന്നിട്ടുണ്ട്. അവർ അഡ്മിറ്റ് കാർഡിനായുള്ള ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ അപേക്ഷയിലെ ന്യൂനതകളുടെ വിശദാംശങ്ങൾ ദൃശ്യമാകുന്നതാണ്. അത്തരം വിദ്യാർത്ഥികൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ **01.01.2016 വൈകുന്നേരം 5 മണി** ക്കുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

അപേക്ഷയിലെ അപാകത മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ അവരുടെ ഹോം പേജിൽ ലഭ്യമാണ്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള ഫോർമാറ്റുകളും ഹോം പേജിൽ ലഭ്യമാണ്. ന്യൂനത പരിഹരിക്കുന്നതിനുള്ള രേഖകൾ മേൽ സൂചിപ്പിച്ച സമയപരി ധിക്കുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. അപേക്ഷയിലെ അപാകതകൾ സംബന്ധിച്ച് തപാൽ വഴി വ്യക്തിഗത മെമ്മോകൾ അയക്കുന്നതല്ല.

ആപ്ലിക്കേഷൻ നമ്പറിനുവേണ്ടി, പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് പരിശോധിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
26.12.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**